## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *362 13/11/2019 -ലെ മറുപടിക്ക്

### നൂതന ജലസേചന മാർഗ്ഗങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ. ശശി<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ആന്റണി ജോൺ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ)ജലവിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നൂതന ജലസേചന മാർഗ്ഗങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ജലസേചന സംവിധാനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തുന്നതിനും അവയെ മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ബഞ്ച് മാർക്കിംഗ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; | ബി) | കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള വിവിധ സൂചകങ്ങൾ മാനദണ്ഡമാക്കി പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ നിലവാര നിർണ്ണയ രീതിയായ ബഞ്ച് മാർക്കിംഗ്, ഫണ്ടിന്റെ അപര്യാപ്തത മൂലം കാര്യക്ഷമമായി നടപ്പാക്കാൻ കഴിയുന്നില്ല. |
| (സി) ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളുടെ പുനരുദ്ധാരണത്തിനും വികസനത്തിനും ഡ്രിപ് പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | സി) | ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോകബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് , ഡാമുകളുടെ പുനരുദ്ധാരണ പണികൾ , Institutional Strengthening, Project Management എന്നീ 3 Components ആണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട് ) മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ ബാരേജുകൾ/റെഗുലേറ്ററുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ |

| | | |
|---|---|---|
| | | അടിസ്ഥാന സൗകര്യവികസനം , കാര്യക്ഷമത, എന്നിവ പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ഇതിലേയ്ക്കായി 360 കോടി രൂപയുടെ ഭരണാനുമതി 29/01/2016 ലെ സ.ഉ(കൈ) നം. 7/2016/ജ.വി.വ പ്രകാരം നൽകുകയുണ്ടായി. 2018 ജൂണിൽ അവസാനിക്കേണ്ടിയിരുന്ന DRIP പദ്ധതി രണ്ട് വർഷം കൂടി നീട്ടി 2020 ജൂണിൽ പൂർത്തീകരിക്കേണ്ടതാണ്. ഇതിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പണികളും എല്ലാ ഡാമുകളുടെയും സർവ്വിലൻസ്, ഇൻസ്ട്രുമെന്റേഷൻ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.<br>Institutional Strengthening ൽ തിരുവനന്തപുരത്തെ Dam Safety Head Quarters നിർമ്മാണവും കാര്യാലയത്തിന് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗുകൾ നടത്താനുമുള്ള അനുമതിയും ഉൾപ്പെടുന്നു.<br>Project Management-ൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ (Physical and Financial) വാർഷിക പദ്ധതിയുടെ രൂപരേഖ നിർമ്മിക്കൽ, 3rd പാർട്ടി കൺസ്ട്രക്ഷൻ സൂപ്പർവിഷൻ, ഗുണമേന്മ ഉറപ്പുവരുത്തൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.<br>ഡാമുകളുടെ Emergency Action Plan (EAP), Operation and Maintenance Manual ട്രെയിനിംഗുകൾ എന്നിവ CWC നൽകുന്നു. ഡാമുകളെ സംബന്ധിച്ച ഒരു ഡാറ്റാ ബാങ്ക് Dam Health And Rehabilitation Monitoring Application (DHARMA) എന്ന CWC യുടെ പോർട്ടലിൽ പ്രസിദ്ധീകരിക്കാനായി തയ്യാറാക്കി വരുന്നു. ഇത് ഏകദേശം 80% പൂർത്തിയാക്കിയിട്ടുണ്ട്.<br>കൂടാതെ DRIP PHASE I ൽ ഉൾക്കൊള്ളിക്കാൻ കഴിയാതിരുന്ന (പമ്പ, മംഗലം, കാരാപ്പുഴ) പ്രവൃത്തികളും ബാക്കി ഡാമുകളും ഉൾപ്പെടുത്തി 165.9 കോടി രൂപയുടെ പുനരുദ്ധാരണ പ്രൊപ്പോസൽ DRIP PHASE II ഉൾക്കൊള്ളിക്കാൻ Central Water Commission ന് സമർപ്പിച്ചിട്ടുണ്ട്. ഇതിനു തത്വത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി. നിർദ്ദേശങ്ങൾ നൽകാനുള്ള വിദഗ്ധരുടെ ഒരു പാനൽ (Dam Safety Review Panel) ന് |

| | | |
|---|---|---|
| | | സർക്കാരിൽ നിന്ന് അനുമതി നൽകിയിട്ടുണ്ട്. ടി സംഘം ഡാമുകൾ സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. |
| (ഡി) സംസ്ഥാനത്തിന്റെ കടുത്ത എതിർപ്പിനെത്തുടർന്ന് ഉപേക്ഷിച്ച, മധ്യകേരളത്തെ ഊഷരമാക്കാനിടയുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി കേന്ദ്രസർക്കാർ വീണ്ടും പരിഗണിക്കുന്നതായ വാർത്തയുടെ അടിസ്ഥാനത്തിൽ അതിന്റെ നിജസ്ഥിതിയെക്കുറിച്ച് പരിശോധിച്ചിരുന്നോയെന്ന് അറിയിക്കുമോ? | (ഡി) | ജലശക്തി മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ ജലവികസന ഏജൻസി (NWDA)യുടെ നദീ ജലസംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയിൽ മേലുള്ള സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പ് , NWDA യുടെ വിവിധ യോഗങ്ങളിൽ അറിയിച്ചിട്ടുണ്ട്. ഏറ്റവും അവസാനമായി 21/08/2019 ൽ കൂടിയ NWDA യുടെ 6-ാമത് സ്പെഷ്യൽ ജനറൽ മീറ്റിംഗിൽ NWDA യുടെ തീരുമാനത്തെ കേരളം എതിർക്കുകയും ചെയ്തു. സംസ്ഥാനങ്ങളുടെ സമ്മതം ലഭിച്ചതിനു ശേഷമേ DPR തയ്യാറാക്കുകയുള്ളൂ എന്നും 30-ാമത് വാർഷിക ജനറൽ മീറ്റിംഗിൽ എടുത്ത തീരുമാനത്തെക്കുറിച്ച് NWDA അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മത പ്രകാരമേ നദീ സംയോജന പദ്ധതികൾ നടപ്പിലാക്കുകയുള്ളൂ എന്ന് ബഹു. കേന്ദ്ര ജലമന്ത്രി പ്രസ്തുത ചർച്ചയിൽ ഉറപ്പ് തന്നിട്ടുണ്ട്. ഇതിനു പുറമെ അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25/09/2019 ന് തിരുവനന്തപുരത്ത് ചേർന്ന കേരള തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗത്തിൽ, തമിഴ്നാട് മുന്നോട്ട് വച്ച പമ്പ-അച്ചൻകോവിൽ പദ്ധതി അംഗീകരിക്കാൻ കഴിയില്ലെന്ന് തമിഴ്നാടിനെ അറിയിച്ചിരുന്നു. പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുവാനുള്ള ശ്രമങ്ങൾ തടയുവാൻ വേണ്ട സാദ്ധ്യമായ എല്ലാ മുൻകരുതലുകളും കേരളം സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ